പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2624

09-05-2017 ൽ മറുപടിക്ക്

## കുറ്റ്യാടി മണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം, കുറ്റ്യാടി പഞ്ചായത്തുകളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ചെറിയാണ്ടി, കന്നമ്മൽ, കാക്കുനി പാടശേഖര വികസന പ്രവൃത്തികൾക്ക് എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ: | എ) ചെറിയാണ്ടി, കന്നമ്മൽ, കാക്കുനി പാടശേഖരത്തിലെ വികസന പ്രവൃത്തികൾക്കായി 99.45 ലക്ഷം രൂപയാണ് ആർ.ഐ.ഡി.എഫ് XIX പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. |
| ബി) ഇവിടെ പമ്പ് ഹൗസ്, ടില്ലർ ബണ്ട് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടോ;<br>സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) യും (സി) യും ഇല്ല. പമ്പ് ഹൗസ്, ടാങ്ക്, ടില്ലർ ബണ്ട് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഇതുവരെ നിയമാനുസൃതം വിട്ടുകിട്ടിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള കുറിച്ചകം, പാവുള്ളാട്ടുവയൽ, കുഴിവയൽ പാടശേഖര വികസന പ്രവൃത്തികൾക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ഡി) കുറിച്ചകം, പാവുള്ളാട്ടുവയൽ, കുഴിവയൽ പാടശേഖരത്തിലെ പ്രവൃത്തികൾക്ക് വേണ്ടി 99.90 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ കുറിച്ചകം, കുഴിവയൽ എന്നിവയിലെ പണികൾ 90% വും പൂർത്തീകരിച്ചിട്ടുണ്ട്. പാവുള്ളാട്ടുവയൽ കാപ്പിന് (കുളം) സ്ഥലം വിട്ടുകിട്ടാത്തതിനാൽ പണി ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടില്ല. |
| ഇ) പദ്ധതിയുടെ ഭാഗമായുള്ള നാരായണിനട,വാച്ചാൽ നട, തിക്കുനി പാടശേഖരവികസന പ്രവൃത്തികൾക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (ഇ) നാരായണിനട, വാച്ചാൽനട, തിക്കുനി പാടശേഖരങ്ങളിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി ആകെ 152.28 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തോടുകളിൽ മെയ് മാസത്തിലുൾപ്പെടെ ഒരു മീറ്ററിലധികം വെള്ളം കെട്ടിനിൽക്കുന്നതിനാൽ പണി തുടങ്ങാൻ സാധിച്ചിട്ടില്ല. |
| എഫ്) പദ്ധതിയിൽ ഉൾപ്പെട്ട പെരുവയൽ പാടശേഖര വികസന പദ്ധതിക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ; | (എഫ്) പെരുവയൽ പാടശേഖരത്തിലെ വിവിധ പ്രവൃത്തികൾക്കായി ആകെ 161.21 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ എടവലത്തുതാഴെ, പാറമണൽതാഴെ, വരപ്പുറത്ത്താഴെ പമ്പ് ഹൗസുകൾക്കുള്ള സ്ഥലം |

| | |
|---|---|
| | നിയമാനുസൃതം വിട്ടുകിട്ടിയിട്ടില്ല. എടവലത്തുതാഴെ-അടിവയൽ ഫാം റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തോട്ടുകോവുമ്മൽ-മൂഴിക്കൽ തോടിന്റെ പാർശ്വ ഭിത്തി സംരക്ഷണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. അടിവയൽ കാപ്പിന്റെ (കുളം) പുനരുദ്ധാരണവും തോട്ടുകോവുമ്മൽ വി.സി.ബിയുടെ നിർമ്മാണവും ഉടനെ ആരംഭിക്കുന്നതാണ്. |
| ജി) പദ്ധതിയിൽ ഉൾപ്പെട്ട തെയ്യാട്ട താഴെ, ശാന്തിനഗർ, ചെറുകുന്ന് പാടശേഖര വികസന പ്രവൃത്തികൾക്ക് വകയിരുത്തിയ തുക എത്ര; പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പദ്ധതിയുടെ ഭാഗമായുള്ള ഊരാത്ത് വടയം പാടശേഖരം (കുറ്റ്യാടി പഞ്ചായത്ത്) വികസന പ്രവൃത്തിക്ക് അനുവദിച്ച തുക എത്ര;പദ്ധതി ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | (ജി) തെയ്യാട്ട താഴെ, ശാന്തിനഗർ, ചെറുകുന്ന് പാടശേഖര വികസന പ്രവൃത്തികൾക്കായി ആകെ 145.33 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ശാന്തിനഗർ പാടശേഖരത്തിലെ തോടിന്റെ പാർശ്വഭിത്തി സംരക്ഷണവും, ചെറുകുന്ന് പാടശേഖരത്തിലെ കറ്റിൽ താഴെ ഇല്ലത്ത് താഴെതോടിന്റെ പാർശ്വഭിത്തി സംരക്ഷണവും പൂർത്തീകരിച്ചിട്ടുണ്ട്. തെയ്യാട്ടതാഴെ മാണിക്കോട്ടുതാഴെ തോടിന്റെ പാർശ്വഭിത്തി സംരക്ഷണവും, ഫാം റോഡിന്റെ നീളം കൂട്ടലും പ്രവൃത്തി 90% വും പൂർത്തീകരിച്ചിട്ടുണ്ട്. ഊരത്ത് വടയം പാടശേഖരങ്ങളിലെ തോടിന്റെ പാർശ്വഭിത്തി സംരക്ഷണത്തിന് (കുറ്റ്യാടി പഞ്ചായത്ത്) 196.73 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത സ്ഥലത്ത് പണി ആരംഭിച്ചെങ്കിലും പരിസ്ഥിതി വാദികളുടെ എതിർപ്പ് മൂലം പണി നിർത്തിവെച്ചു. ആയതിനു ശേഷം കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തീരുമാനമാകാതെ പിരിയുകയുമാണ് ഉണ്ടായത്. കോൺട്രാക്ടറുമായുള്ള ഉടമ്പടി കാലാവധി കഴിഞ്ഞതിനാൽ പ്രസ്തുത പ്രവൃത്തി ഇനി നടപ്പിലാക്കാൻ സാധിക്കുകയില്ല |

Jessy Jose

സെക്ഷൻ ഓഫീസർ